LIBRARY ARCHIVES Kerala Legislative Assembly

ആദിവാസി കുടുംബങ്ങൾക്ക് ഭൂമി

6 [586] *ശ്രീ. കെ. ബി. ഗണേഷ് കുമാർ:*
,, *ടി. എം. ജേക്കബ്:*
,, *ജോണി നെല്ലൂർ:*
,, *ആർ. ബാലകൃഷ്ണപിള്ള:*
,, *ഷിബു ബേബി ജോൺ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ മുഴുവൻ ആദിവാസികൾക്കും ഭൂമി നൽകുമെന്ന സർക്കാരിന്റെ പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഭൂരഹിതരായ എല്ലാ ആദിവാസി കുടുംബങ്ങൾക്കും ഏത് തീയതിക്കു മുമ്പായി അഞ്ച് ഏക്കർ ഭൂമിവീതം നൽകുമെന്ന് വ്യക്തമാക്കാമോ;

(സി) 2001-നുശേഷം ഇതുവരെ എത്ര ഏക്കർ ഭൂമി ഏതെല്ലാം ജില്ലകളിൽ ആദിവാസികൾക്ക് നൽകിയിട്ടുണ്ട്?

ഉത്തരം

(എ) നടപ്പിലാക്കിവരുന്നു.

(ബി) വിതരണയോഗ്യമായ ഭൂമിയുടെ ലഭ്യതയനുസരിച്ചാണ് ഭൂമി വിതരണം നടന്നുവരുന്നത്. ഇത് എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് ഭൂമിയുടെ ലഭ്യതയനുസരിച്ചുമാത്രമേ പറയാൻ സാധിക്കുകയുള്ളൂ.

(സി) ഇതുവരെ 3253 കുടുംബങ്ങൾക്ക് 5398.92 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

പിന്നോക്ക പട്ടികസമുദായ വകുപ്പിൽനിന്നുള്ള ചികിത്സാ ധനസഹായം

7 [587] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക-പട്ടികസമുദായ ക്ഷേമവകുപ്പിൽനിന്നുള്ള ചികിൽസാ ധനസഹായം അനുവദിച്ചുകിട്ടുന്നതിന് വളരെയധികം കാലതാമസം ഉണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പാവപ്പെട്ട പട്ടികജാതിക്കാരായ രോഗികൾക്ക് ചികിൽസാ ധനസഹായം ലഭിക്കുന്നതിനുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് ഈ പദ്ധതിപ്രകാരം തുക ലഭിക്കുന്നതിന് സമയപരിധി നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുമോ?

ഉത്തരം

(എ) ചികിൽസാ ധനസഹായത്തിനുള്ള അപേക്ഷയോടൊപ്പം ആവശ്യമായ രേഖകളെല്ലാം സമർപ്പിക്കുന്നവരുടെ കാര്യത്തിൽ ധനസഹായം അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നില്ല.

(ബി) ചികിൽസാ ധനസഹായം അർഹരായവർക്ക് എത്രയും പെട്ടെന്ന് ലഭ്യമാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഉദുമ എം. ആർ. എസ്.ൽ അനുവദിച്ച +2 കോഴ്സ് ആരംഭിക്കുന്നതിന് നടപടി

8 [588] *ശ്രീ. കെ. വി. കുഞ്ഞിരാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പട്ടികവർഗ്ഗ പെൺകുട്ടികൾക്കായുള്ള ഉദുമ എം. ആർ. എസ്.ൽ +2 കോഴ്സ് അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഏതു വർഷമാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) അനുവദിച്ച +2 ഇതുവരെ ആരംഭിക്കാതിരിക്കാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ വിദ്യാഭ്യാസ വർഷം ഉദുമ എം. ആർ. എസ്.ൽ +2 ക്ലാസ്സുകൾ ആരംഭിക്കുന്നതിലേക്കായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) അനുവദിച്ചിട്ടുണ്ട്.

(ബി) 2004-ൽ ആണ് +2 കോഴ്സ് അനുവദിച്ചത്.

(സി) & (ഡി) ഇപ്പോൾ സ്കൂൾ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ +2 കോഴ്സ് ആരംഭിക്കുന്നതിന് ആവശ്യമായ സ്ഥലസൗകര്യം ലഭ്യമല്ല. ഇതിനു സമീപത്തായി അനുയോജ്യമായ സ്ഥലം കണ്ടെത്താൻ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly